# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4324 | 24.10.2016 -ൽ മറുപടിയ്ക്ക് (അന്തിമ മറുപടി) |
|---|---|

### ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർമാരുടെ നിയമനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.എം.ആരിഫ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | മുൻസർക്കാരിന്റെ കാലത്ത് സാമൂഹ്യനീതി വകുപ്പിൽ ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർമാരുടെ നിയമനത്തിൽ 4:1 എന്ന അനുപാതം പാലിക്കാതെ 208 പേരെ പി.എസ്.സി ലിസ്റ്റ് നിലനിൽക്കെ പ്രൊമോഷൻ വഴി നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | റാങ്ക് ഹോൾഡേഴ് സിന്റെ ഇടപെടലിനെ തുടർന്ന് പിന്നീടുവന്ന 34 ഒഴിവുകളിലേക്ക് പി.എസ്.സി. ലിസ്റ്റിൽ നിന്നും അപ്പോയ്ന്റ്മെന്റ് ഓർഡർ അയച്ചെങ്കിലും എൻ.ജെ.ഡി വന്ന 4 എണ്ണം പി.എസ്.സി. ലിസ്റ്റിൽ നിന്നെടുക്കാതെ വീണ്ടും പ്രൊമോഷനിലൂടെ നികത്തപ്പെട്ടത് പരിശോധിക്കുമോ; | (ബി) | പി.എസ്.സി. നിയമന ശുപാർശ നൽകിയ 34 ഒഴിവുകളിൽ നിയമന ഉത്തരവ് നൽകിയെങ്കിലും 4 ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കാത്തതിനെ തുടർന്നുണ്ടായ എൻ.ജെ.ഡി ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുകയും നിയമന നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എൻ.ജെ.ഡി ഒഴിവുകൾ പ്രമോഷനിലൂടെ നികത്തപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പുതുതായി നിയമനം ലഭിച്ച സി.ഡി.പി.ഒ.മാർക്ക് തൊഴിൽ പരിശീലനം പൂർത്തിയാകും മുൻപ് തൊട്ടടുത്ത സി.ഡി.പി.ഒ മാരുടെ അധിക ചുമതല നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇത് വകുപ്പിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കില്ലേ; വ്യക്തമാക്കുമോ; | (സി) | പുതുതായി നിയമനം ലഭിച്ച ശിശു വികസന പദ്ധതി ഓഫീസർമാർക്ക് തൊഴിൽ പരിശീലനം പൂർത്തിയാകും മുൻപ് അത്യാവശ്യ ഘട്ടങ്ങളിൽ തൊട്ടടുത്ത ശിശു വികസന പദ്ധതി ഓഫീസർമാരുടെ അധിക ചുമതല നൽകാറുണ്ട്. പദ്ധതി പ്രവർത്തനം തടസ്സപ്പെടാതിരിക്കാനുള്ള ക്രമീകരണങ്ങൾ ആയതിനാൽ വകുപ്പിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാറില്ല. |
| (ഡി) | നിലവിലുള്ള ഏതെല്ലാം ജില്ലകളിലെ സിഡി.പി.ഒ മാരാണ് ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളതെന്നും അവർ എത്ര നാളായി ഡെപ്യൂട്ടേഷനിലാണെന്നും അവരുടെ യഥാർത്ഥ ചുമതല ആരെയെല്ലാമാണ് ഏല്പിച്ചിരിക്കുന്നതെന്നും വെളിപ്പെടുത്തുമോ; | (ഡി) | കാസർഗോഡ് ജില്ലയിലെ കാറഡുക്ക അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസർ 26.07.2015 മുതൽ ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിച്ചു വരുന്നു. പ്രസ്തുത ഒഴിവിൽ PSC മുഖാന്തിരം നിയമനം നടത്തിയിട്ടുണ്ട്. |
| (ഇ) | സി.ഡി.പി.ഒ മാരുടെ പി.എസ്.സി ലിസ്റ്റ് വന്നതിനു ശേഷം നടന്ന നിയമനം സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ? | (ഇ) | ശിശു വികസന പദ്ധതി ഓഫീസർമാരുടെ പി.എസ്.സി ലിസ്റ്റ് വന്നതിനു ശേഷം നടന്ന നിയമനം സംബന്ധിച്ച പരാതികൾ ലഭിക്കുന്ന വേളയിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ് . |
| (എഫ്) | 4:1 എന്ന അനുപാതത്തിൽ ഒഴിവുള്ളതനുസരിച്ച് നിയമനം നടത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ? | (എഫ്) | ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ 4:1 എന്ന അനുപാതത്തിൽ നിയമനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ